# ഗവ: എൽ. പി. സ്കൂൾ
# ഇടപ്പാടി

## അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

## ആമുഖം

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാണ്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയാണ് ഓരോ വിദ്യാലയങ്ങളും. എല്ലാ പൊതു വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം പൂർത്തിയാക്കുന്ന ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യം കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതുവഴി വിദ്യാലയത്തിലെ കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ലഭ്യമാകും. എല്ലാ പ്രവർത്തനങ്ങളും മികച്ച രീതിയിൽ ഏറ്റെടുത്തു നടത്തുന്ന വിദ്യാലയമാണ് ഗവ. എൽ. പി. എസ് ഇടപ്പാടി. പൊതു സമൂഹത്തിന്റെ പിന്തുണ കൊണ്ട് വരും വർഷങ്ങളിലും വിദ്യാലയ മികവ് സാധ്യമാകും എന്ന പ്രതീക്ഷിക്കുന്നു. അതിന് കരുത്തു പകരാൻ ഏറെ സഹായകമായ രീതിയിൽ ആണ് അക്കാദമിക മാസ്റ്റർ പ്ലാൻ ഒരുക്കിയിട്ടുള്ളത്

# അടിസ്ഥാന വിവരങ്ങൾ

സ്കൂളിന്റെ പേര് : ഗവ. എൽ. പി. എസ് ഇടപ്പാടി

പോസ്റ്റ് വിലാസം : ഇടപ്പാടി P.O
ഇടപ്പാടി

സ്കൂൾ കോഡ് : 31548

വിദ്യാഭ്യാസ ജില്ല : പാലാ

റവന്യൂ ജില്ല : കോട്ടയം

ബി. ആർ. സി : പാലാ

സി. ആർ. സി : ഭരണങ്ങാനം

ഗ്രാമ പഞ്ചായത്ത് : ഭരണങ്ങാനം

ബ്ലോക്ക് പഞ്ചായത്ത് : ളാലം

ജില്ലാ പഞ്ചായത്ത് : കോട്ടയം

താലൂക്ക് : മീനച്ചിൽ

വില്ലേജ് : ഭരണങ്ങാനം

ഇ-മെയിൽ വിലാസം : glpsedappady2015@gmail.com

## പൊതുലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പു വരുത്തുക.
* എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
* ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി, കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും
* വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
* ആധുനികസാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ് റൂമുകളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പു വരുത്തും.
* ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി രക്ഷിതാക്കൾക്കും നൽകും.
* ഒന്നാം ക്ലാസ് മുതൽ 4-ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും പാഠഭാഗങ്ങൾക്കനുസൃതമായ വർക്ക്ഷീറ്റുകൾ നൽകും.
* ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.
* ജൈവ വൈവിധ്യകലവറയായി വിദ്യാലയത്തെ മാറ്റുക.
* ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മനേജ്മെന്റ് മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ
* കൃഷി, ഉദ്യാനം എന്നിവ വികസന രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ

# അക്കാദമികം

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| * അക്കാദമിക പ്രവർത്തനങ്ങൾ വിജയകരമായി സംഘടിപ്പിക്കുന്ന വിദഗ്ദ്ധ അധ്യാപക സമൂഹം. | * പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. |
| * ഓരോ കുട്ടിയും ഒന്നാമനാണ് എന്ന് കുട്ടികൾക്ക് ബോധ്യപ്പെടും വിധത്തിൽ പരിശീലനം നൽകുന്നു | വായനയ്ക്ക് പ്രോത്സാഹനം നൽകുന്നുണ്ടെങ്കിലും സ്ഥിരമായി വായിക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായനയിലൂടെ നന്നായി എഴുതാൻ സാധിച്ചിട്ടില്ല. |
| * കലാപഠനം, പ്രവൃത്തിപരിചയം, കായികപഠനം ഇവയ്ക്ക് പ്രത്യേക പരിശീലനം | വത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാന മേഖലയിൽ കുട്ടികളുടെ പിന്നാക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്. |
| * പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രത്യേക സപ്പോർട്ട് | IT അധിഷ്ഠിത പഠനം എന്ന നിലയ്ക്ക് classറൂം പ്രവർത്തനങ്ങൾ ഒരുക്കാനായിട്ടില്ല. |
| * സർഗ്ഗാത്മക വേദികൾ ആശയപ്രകാശന വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നു | കുട്ടികളുടെ എണ്ണത്തിന് ആവശ്യമായ കമ്പ്യൂട്ടറുകൾ ഇല്ല. |
| * പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ വിജയകരമായി നടക്കുന്നു | IED കുട്ടികളുടെ പഠനപിന്നോക്കം കൂടുതൽ ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. |

# പ്രവർത്തന പദ്ധതികൾ

# മലയാളം

പ്രവർത്തനം - 1

പേര് - പുസ്തകം എന്റെ ചങ്ങാതി "വായനക്കൂട് ഒരുക്കൽ"

ഉപമേഖല - വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക. | ലൈബ്രറി പുസ്തകങ്ങൾ പ്രദർശിപ്പിക്കുന്നു. പരിചയപ്പെടുത്തുന്നു.<br>സ്കൂളിൽ വായനക്കൂട് ഒരുക്കുന്നു. രണ്ടാഴ്ചയിലൊരിക്കൽ കുട്ടികൾക്ക് ലൈബ്രറി പുസ്തകം കൊടുത്തുവിടുന്നു. | ജൂൺ<br>ജൂൺ - മാർച്ച് | ടീച്ചർ<br>ക്ലാസ്സ് ടീച്ചർ | |

മലയാളം

പ്രവർത്തനം - 2

പേര് - ഉച്ചഭാഷിണി വായന

ഉപമേഖല - വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു. | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടിയുടെ വായന. | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | |

# മലയാളം

പ്രവർത്തനം - 3

പേര് - ക്ലാസ്സ്തല കയ്യെഴുത്ത് മാസിക

ഉപമേഖല - ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ്സ് തല കയ്യെഴുത്ത് മാസിക തയ്യാറാക്കൽ. | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | |

മലയാളം

പ്രവർത്തനം - 4

പേര് - എന്റെ വായനാ കുറിപ്പുകൾ / എന്റെ വായനാ കാർഡുകൾ

ഉപമേഖല - ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | 3, 4 ക്ലാസ്സുകളിൽ വായനാക്കുറിപ്പ് തയ്യാറാക്കൽ. 1, 2 ക്ലാസ്സുകളിൽ വായനാകാർഡുകൾ തയ്യാറാക്കൽ. | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | |

# മലയാളം

പ്രവർത്തനം- 5

പേര് - പാട്ടരങ്ങ്, സർഗവേള

ഉപമേഖല - ഭാഷാ സമൃദ്ധി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാവപ്രകടനം, ശബ്ദപ്രയോഗം സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാ ജ്ഞാനവും ആത്മവിശ്വാസവും വളർത്തുക | കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ പഠിപ്പിച്ച് അതിന്റെ അവതരണം സംഘടിപ്പിക്കുന്നു. വിവിധ വായ്ത്താരികൾ പരിചയപ്പെടുത്തുന്നു. ആഴ്ച്ചയിലൊന്ന് കുട്ടികൾക്ക് വിവിധ കലാപരിപാടികൾ അവതരിപ്പിക്കാൻ അവസരം നൽകുന്നു (സർഗവേള) | ജൂൺ - മാർച്ച് | ടീച്ചർ | |

മലയാളം

പ്രവർത്തനം- 6

പേര് - റീഡേഴ്സ് തിയേറ്റർ

ഉപമേഖല - വായനാവളർത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനാതാൽപര്യവും അഭിനയം വഴി വ്യക്തിത്വവികാസവുമാണ് പ്രധാന ലക്ഷ്യം. | കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം നൽകുന്നു. കഥാനായകർ, സംഭാഷണശൈലി, ശബ്ദവ്യത്യാസം എന്നിവ ഉപയോഗിച്ച് അഭിനയം, വായനയുടെ അവതരണം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തോട് താൽപര്യം ഉണ്ടാക്കുക. | . പാറ്റേണുകൾ, ജ്യാമിതീയ പാറ്റേണുകളുടെ നിർമ്മാണം, കുസൃതിക്കണക്കുകൾ തുടങ്ങിയ പ്രവർത്തനത്തിലൂടെ കുട്ടികൾക്ക് ഗണിതത്തോട് താൽപര്യം ഉണ്ടാക്കുക.<br>. ഗണിതകേളികൾ<br>. ഗണിത പസിലുകൾ<br>. ഗണിത കവിതകൾ<br>. ഗണിത പ്രദർശനങ്ങൾ | ജൂൺ - മാർച്ച്. | ക്ലാസ് ടീച്ചർ, ഗണിതക്ലബ്. | |
| സംഖ്യാബോധം സ്ഥാനവില. | . സംഖ്യാബോധം എല്ലാ കുട്ടികൾക്കും നേടുന്നതിനായി | | | |

| | | | | |
|---|---|---|---|---|
| | നിറം നൽകൽ, പാറ്റേണുകൾ രൂപീകരിക്കൽ, കുട്ടികളുടെ നിർമ്മാണങ്ങളുടെ പ്രദർശനം. ഒറിഗാമി, ടാൻഗ്രാം എന്നിവയ്ക്ക് ആവശ്യമായ വസ്തുക്കൾ ലഭ്യമാക്കുന്നു. | ജൂലൈ - മാർച്ച് | ക്ലാസ് ടീച്ചർ ഗണിതക്ലബ്. | PTA |
| ഗണിതമൂല | ഗണിതലാബ് ഉപയോഗം ഓരോ ക്ലാസ്സിലും ഗണിതമൂല സജ്ജമാക്കുന്നു. | ജൂൺ. | ക്ലാസ് ടീച്ചർ | |
| ഗണിത മാഗസിൻ | ഗണിതക്ലബിന്റെ നേതൃത്വത്തിൽ ഓരോ ക്ലാസ്സിലെയും കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി മാഗസിൻ തയ്യാറാക്കുന്നു. | മാർച്ച് | ക്ലാസ് ടീച്ചർ ഗണിതക്ലബ്. | |

| | | | | |
|---|---|---|---|---|
| | പഠനപിന്നോക്കക്കാർക്ക് എണ്ണുന്നതിനും കൂട്ടങ്ങളാക്കുന്നതിനും തരംതിരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ഓരോ ക്ലാസ്സിലും നൽകുന്നു. വർക്ക്ഷീറ്റുകൾ നൽകുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ. | |
| ചതുഷ്ക്രിയകൾ | നിത്യജീവിതത്തിലെ പ്രശ്നങ്ങളുമായി ബന്ധപ്പെടുത്തി ചതുഷ്ക്രിയകൾ അവതരിപ്പിക്കുന്നു. ഗണിതകേളികൾ അടങ്ങിയ IT പരിശീലനം നൽകുന്നു. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |
| ജ്യാമിതീയ രൂപങ്ങൾ | ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം, വരയ്ക്കൽ, | | | |

## ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകുക. | **ഇംഗ്ലീഷ് അസംബ്ലി**<br>ഇംഗ്ലീഷിൽ തന്നെ പൂർണ്ണമായും കുട്ടികളുടെ നേതൃത്വത്തിൽ അസംബ്ലി നടത്തുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ്. | |
| ഇംഗ്ലീഷ് ഭാഷയിൽ തന്നെയുള്ള രചനകൾക്ക് കുട്ടികളെ പ്രോത്സാഹിപ്പിക്കുക. | **English Diary**<br>ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലെയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക. | ആഴ്ചയിൽ ഒരു ദിവസം. | ക്ലാസ്സ് ടീച്ചർ | |

## പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രബോധം വളർത്തുക. | ഓരോ ക്ലാസ്സിലെയും പരീക്ഷണങ്ങൾ ഉൾപ്പെടുത്തി ശാസ്ത്ര-ശില്പശാലകൾ സംഘടിപ്പിക്കുക. | ഓരോ ടേമിലും | ക്ലാസ്സ് ടീച്ചർ | 4000 |
| ശാസ്ത്രാവബോധം, വിശകലന ചിന്ത എന്നിവ വളർത്തുക. | പരീക്ഷണങ്ങൾ നടത്തി വിശകലനം നടത്തി പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു. | എല്ലാ മാസവും | ക്ലാസ്സ് ടീച്ചർ | |
| ശാസ്ത്രബോധം വളർത്തുക, പരീക്ഷണ, നിരീക്ഷണ ചിന്തകളെ പ്രോത്സാഹിപ്പിക്കുക. | മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യാൻ കഴിയുന്ന വിധം പരീക്ഷണകിറ്റ് തയ്യാറാക്കൽ | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | 2000 |

## കലാവിദ്യാഭ്യാസം - സർഗ്ഗവേദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ കലാഭിരുചി വളർത്തുക, സർഗ്ഗാത്മക കഴിവുകൾ പ്രോത്സാഹിപ്പിക്കുക. | ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസ്സിലും സർഗ്ഗവേദി നടത്തൽ. | ജൂൺ - മാർച്ച് | SRG | |
| കുട്ടികൾക്ക് വിവിധ കലാമേഖലകളിലുള്ള കഴിവുകൾ വളർത്തുന്നതിനുള്ള പരിശീലനം നൽകുക. | നൃത്തം, സംഗീതം, ചിത്രരചന, ക്രാഫ്റ്റ് വർക്ക്, പെയ്ന്റിംഗ് മേഖലകളിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നു. | ജൂൺ - മാർച്ച് | SRG PTA | |

## വിവരസാങ്കേതിക വിദ്യ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| വിവര സാങ്കേതിക വിദ്യയെ ഫലപ്രദമായി ഉപയോഗിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക. | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ICT സാധ്യതകൾ ശേഖരിക്കൽ, പരിചയപ്പെടൽ | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | |
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള അവസരം. | IT പീരീഡ് കൃത്യമായി വിനിയോഗിക്കുന്നു. ICT പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. | ജൂൺ - മാർച്ച് | SITC | |

## ആരോഗ്യ-കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മാനസികവും, ശാരീരികവുമായ ഒരു സമഗ്രമായ അടിത്തറയുള്ളവരായി വളരാൻ കുട്ടികളെ സഹായിക്കുക. | P.T പീരിയഡ് കൃത്യമായി കായിക പരിശീലനം, കളികൾ എന്നിവക്കായി കൃത്യമായി ഉപയോഗിക്കുന്നു. | ജൂൺ - മാർച്ച് | SRG | |

## പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വളർത്തുക. | പാഠഭാഗവുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ്സ് ടീച്ചർ | |